# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

## 2020 മാർച്ച് 13

### കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേരുകൾ അനുബന്ധം 1 ആയി ചേർക്കുന്നു

യോഗം 6 മണിക്ക് ആരംഭിച്ചു

**ആരോഗ്യ വകുപ്പ് മന്ത്രി**

ആരോഗ്യ വകുപ്പ് മന്ത്രി ആമുഖത്തിൽ കേരളത്തിൽ സംജാതമായിരിക്കുന്ന പ്രത്യേക സാഹചര്യത്തിൽ നാമെല്ലാം അത്യന്തം ജാഗ്രത പുലർത്തണമെന്നും അറിയിച്ചു . തുടർന്ന് താഴെപറയുന്ന കാര്യങ്ങൾ പറഞ്ഞു.

- തിരുവനന്തപുരത്ത് നിന്നുള്ള വ്യക്തിയുടെ രണ്ടാമത്തെ പരിശോധനാ ഫലവും പോസിറ്റീവ് ആണെന്ന് സ്ഥിരീകരിച്ചു.
- തിരുവനന്തപുരത്ത് ജില്ലയിൽ നിന്നുള്ള രണ്ട് വ്യക്തികൾക്ക് കൂടി ഇന്ന് കോവിഡ്-19 രോഗബാധ സ്ഥിരീകരിച്ചു.

**ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി**

- രോഗ നിരീക്ഷണത്തിന്റെയും കോൺടാക്റ്റ് ട്രേസിംഗിന്റേയും നടപടിക്രമം പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.
- വിദേശത്തു നിന്നും തിരിച്ചെത്തുന്നവരെ വിമാനത്താവളത്തിൽ വച്ച് തന്നെ പരിശോധിച്ച് രോഗലക്ഷണങ്ങളുണ്ടെങ്കിൽ ആശുപത്രിയിലേക്ക് മാറ്റും. രോഗലക്ഷണങ്ങൾ ഇല്ലെങ്കിൽ അവരെ വീടുകളിൽ നിരീക്ഷണത്തിൽ വയ്ക്കും

**ടൂറിസം സെക്രട്ടറി**

- ടൂറിസം സെക്രട്ടറി പുതിയതായി പ്രസിദ്ധീകരിച്ച മാർഗ്ഗരേഖയുടെ വിശദീകരണം തേടി
- എല്ലാ രാജ്യങ്ങളിൽ നിന്നും എത്തുന്ന വിദേശ പൗരന്മാരെ നിരീക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്ന് ആരാഞ്ഞു
- കേരളത്തിലെത്തിയ ശേഷം പതിനാല് ദിവസം എന്നത് ഭാരതത്തിൽ എത്തിയ ശേഷം പതിനാല് ദിവസം എന്നത് മതിയാവില്ലേ എന്നും ആരാഞ്ഞു
- മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നിരീക്ഷണം ആരംഭിച്ച സ്ഥലത്ത് തന്നെ തുടരേണ്ടത് ആവശ്യമാണോ എന്ന് ആരാഞ്ഞു. മറ്റ് സ്ഥലങ്ങളിൽ യാത്ര ചെയ്യാൻ അനുവദിക്കണം എന്ന് ആവശ്യപ്പെട്ടു.
- ലോകാരോഗ്യ സംഘടന പ്രസിദ്ധീകരിച്ച പട്ടികയിലുള്ള രാജ്യങ്ങളിൽ നിന്ന് എത്തുന്ന വിദേശ സഞ്ചാരികളെ മാത്രം നിരീക്ഷണത്തിൽ ഉൾപ്പെടുത്തിയാൽ മതി എന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

**ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി**

- ഇറ്റലിയിലെ നിന്ന് വന്നതിൽ രോഗം സ്ഥിരീകരിച്ച വ്യക്തിക്ക് ലക്ഷണങ്ങൾ ഉണ്ടായിരുന്നില്ല
- കേന്ദ്ര ആരോഗ്യ മന്ത്രാലയവും 14 ദിവസത്തെ നിരീക്ഷണമാണ് നിർദ്ദേശിച്ചത്. എന്നാൽ കേരളത്തിലെ ആരോഗ്യ വിദഗ്ധർ 28 ദിവസമാണ് നിർദ്ദേശിച്ചത്.
- കേന്ദ്ര ആരോഗ്യ മന്ത്രാലയം പരിശോധന നിഷ്കർഷിച്ച രാജ്യങ്ങളിൽ നിന്ന് പുറമേയുള്ള രാജ്യങ്ങളിൽ നിന്ന് എത്തിയവർക്കും രോഗം സ്ഥിരീകരിച്ചിട്ടുണ്ട്.

- കേരളത്തിലെ ആരോഗ്യ വിദഗ്ധർ ചേർന്നാണ് പുതിയ മാർഗനിർദേശങ്ങൾ തയ്യാറാക്കിയിട്ടുളത്.
- മാത്രമല്ല രോഗലക്ഷണമില്ലാത്തവരിലും രോഗം സ്ഥിരീകരിച്ചിട്ടുണ്ട്.
- ഇത് കൊണ്ട് തന്നെ രോഗം ഇല്ല എന്ന് പരിശോധന നടത്തി തെളിയിക്കാത്തവർ യാത്ര ചെയ്യുന്നത് രോഗ വ്യാപനത്തിന് കാരണമായേക്കാം .

**<u>ശ്രീമതി. ഉഷാ ടൈറ്റസ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി</u>**

- ഏപ്രിൽ ഇരുപതാം തീയതി നടക്കേണ്ട എന്ട്രൻസ് പരീക്ഷ മാറ്റി വെക്കേണ്ട സാഹചര്യം നിലവിലുണ്ടോ എന്ന് ആരാഞ്ഞു.

**<u>റെയിൽവേ ഡിവിഷണൽ മാനേജർ</u>**

- തിരുവനന്തപുരം തൃശ്ശൂർ റെയിൽവേ സ്റ്റേഷനുകളിൽ വേണ്ട സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്
- റെയിൽവേ സ്റ്റേഷനുകളിലെ വിശ്രമ മുറികൾ നിലവിലെ സാഹചര്യത്തിൽ പ്രവർത്തിക്കുന്നില്ല. തീവണ്ടികളിലെ എ.സി. കോച്ചുകളിലെ കർട്ടനുകൾ നീക്കം ചെയ്തു. ജീവനക്കാർക്ക് വ്യക്തി സുരക്ഷാ ഉപരണങ്ങൾ നൽകേണ്ടതുണ്ട്.

**<u>വിമാനത്താവള ഡയറക്ടർ</u>**

- വിമാനത്താവളങ്ങളിൽ എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്
- എല്ലാ വ്യക്തികളേയും പരിശോടിക്കുന്നുണ്ട്; ഇന്ന് ഏഴ് വ്യക്തികളെ നിരീക്ഷണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്
- വിമാനത്താവളങ്ങളിൽ മാസ്കുകളുടേയും സാനിറ്റൈസറുകളുടേയും ലഭ്യതക്കുറവുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് ഇവ നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ചിഫ് സെക്രട്ടറി മെഡിക്കൽ സർവിസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കാനുള്ള സാധ്യത പരിഗണിക്കാൻ പറഞ്ഞു.

**<u>മുഖ്യമന്ത്രി</u>**

മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചക്ക് ശേഷം മുഖ്യമന്ത്രി താഴെ പറയുന്ന തീരുമാനങ്ങൾ പറഞ്ഞു.

1. അതിർത്തികളിലെ എല്ലാം തന്നെ കൃത്യമായ സംവിധാനങ്ങൾ ഒരുക്കണം
2. കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. അതിനാൽ കൂടുതൽ ജാഗ്രത പാലിക്കേണ്ടതുണ്ട്. അനാസ്ഥ പാടില്ല
3. നാളെ എല്ലാ ജില്ലകളിലും മന്ത്രിമാർ പ്രാദേശിക യോഗം നടത്തുന്നുണ്ട്. സ്ഥിതിഗതികൾ വിലയിരുത്തും
4. ലോകാരോഗ്യ സംഘടന പ്രസിദ്ധീകരിച്ച പട്ടികയിലുള്ള രാജ്യങ്ങളിൽ നിന്ന് എത്തുന്ന വിദേശ സഞ്ചാരികളെ മാത്രം നിരീക്ഷണത്തിൽ ഉൾപ്പെടുത്തിയാൽ മതി എന്ന് അഭിപ്രായം വന്നതിനാൽ ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. അവർ ഭാരതത്തിൽ എത്തിയ ദിവസം മുതൽ പതിനാല് ദിവസം നിരീക്ഷിച്ചാൽ മതി എന്നും അഭിപ്രായം വന്നതിനാൽ മറ്റ് വകുപ്പുകളുമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുക്കാൻ ആരോഗ്യ വകുപ്പിനോട് നിർദ്ദേശിച്ചു. പരിശോധനാ ഫലം നെഗറ്റീവ് ആയ വിദേശീയരെ അവരുടെ ആഗ്രഹപ്രകാരം മടങ്ങിപ്പോകാൻ അനുവദിക്കുന്നതാണ്.
5. എന്ട്രൻസ് പരീക്ഷ മാറ്റി വെക്കേണ്ട വിഷയത്തിൽ അടുത്ത ആഴ്ച തീരുമാനമെടുക്കാം എന്ന് മുഖ്യമന്ത്രി അറിയിച്ചു.

6. എല്ലാ യാത്രക്കാരേയും പരിശോധിക്കണം. രോഗബാധിത പ്രദേശങ്ങളിൽ നിന്നും വരുന്നവരെ പ്രത്യേകം ശ്രദ്ധിക്കണം
7. റെയിൽവേ സ്റ്റേഷനുകളിൽ അടിയന്തിരമായി ഇടപെടേണ്ടതുണ്ട്
8. റെയിൽവേ ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതുണ്ട്. പരിശീലന പരിപാടികൾ ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്താൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു.
9. തീവണ്ടികളിലും കുറച്ചു കൂടി ശ്രദ്ധിക്കണം. പോലിസ് ഇതിൽ സഹായിക്കണം. അതിർത്തികളിലും പോലീസിന്റെ പരിശോധന ഉണ്ടാവണം.
10. രോഗം സംശയിക്കുന്ന ആളുകളെ പാർപ്പിക്കാൻ പ്രത്യേകം ക്യാമ്പ് തുടങ്ങേണ്ട ആവശ്യമില്ല. വീടുകളിൽ കഴിയുന്നത് അവർക്ക് ആശ്വാസമായിരിക്കും; കൂടുതൽ പരിചരണവും ലഭിക്കും.
11. അതിഥി തൊഴിലാളികളുടെ കാര്യത്തിൽ ജില്ല ഭരണകൂടം കൂടുതൽ ജാഗ്രത പാലിക്കണം.
12. ശുഭകരമായ അവസ്ഥയല്ല; കേരളത്തിൽ എത്തുന്ന വ്യക്തികളെ നന്നായി പരിചരിക്കേണ്ടതുണ്ട്
13. എന്ത് കാര്യം ചെയ്താലും കുറവുകൾ കണ്ടെത്താൻ ചിലർ ശ്രമിക്കും. നമ്മൾ നമ്മുടെ ധർമ്മം സ്വീകരിച്ചു മുന്നോട്ട് പോകും.
14. സാമൂഹ്യ മാധ്യമങ്ങൾ വഴി ഭീതി പടർത്താൻ ശ്രമിച്ചവർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. അത് പ്രസിദ്ധപ്പെടുത്തണം
15. നാളെ ആറു മണിക്ക് യോഗം ചേരണം

യോഗം 7 മണിക്ക് അവസാനിച്ചു

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ആരോഗ്യ സാമൂഹിക നീതി വകുപ്പ് മന്ത്രി
2. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. മുഖ്യമന്ത്രിയുടെ സെക്രട്ടറി
5. സെക്രട്ടറി, ആഭ്യന്തര വകുപ്പ്
6. സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
7. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
8. പ്രിൻസിപ്പൽ സെക്രട്ടറി, എൽ. എസ്.ജി.
9. സെക്രട്ടറി, ടൂറിസം വകുപ്പ്
10. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
11. ഡിപിഐ
12. മെമ്പർ സെക്രട്ടറി , ദുരന്ത നിവാരണ അതോറിറ്റി
13. ഡയറക്ടർ, തിരുവനന്തപുരം വിമാനത്താവളം
14. റെയിൽവേ ഡിവിഷണൽ മാനേജർ
15. മറ്റുള്ളവർ